**മധുരമായകുട്ടികളേ - സദാ ഈ ലഹരിയിലിരിക്കൂ ഭഗവാനാണ് നമ്മെ പഠിപ്പിക്കുന്നത്, നമ്മുടെ ഈ വിദ്യാർത്ഥി ജീവിതമാണ് ഏറ്റവും നല്ലത്, നമ്മുടെ മേൽ ബൃഹസ്പതിയുടെ ദശയാണ്.**

**ചോദ്യം:-** എങ്ങനെയുള്ള കുട്ടികൾക്കാണ് എല്ലാവരുടെയും സ്നേഹം ലഭിക്കുന്നത്?
**ഉത്തരം:-** ആരാണോ എല്ലാവരുടെയും മംഗളത്തിനു നിമിത്തമായിത്തീരുന്നത്, ആരുടെ മംഗളത്തിനാണോ നിമിത്തമായത് അവർ പറയും നിങ്ങൾ ഞങ്ങളുടെ മാതാവാണെന്ന്. നിങ്ങൾ സ്വയം സ്വയത്തെ നോക്കൂ ഞാൻ എത്ര പേരുടെ നന്മയ്ക്ക് നിമിത്തമായിത്തീർന്നു? ബാബയുടെ സന്ദേശം എത്ര പേർക്കു നൽകാൻ നിമിത്തമായി? ബാബയും സന്ദേശവാഹകനാണ്. നിങ്ങൾ കുട്ടികൾക്ക് ബാബയുടെ സന്ദേശം നൽകണം. എല്ലാവരോടും രണ്ടച്ഛന്മാരെക്കുറിച്ച് പറയണം. പരിധിയില്ലാത്ത അച്ഛനേയും സമ്പത്തിനേയും ഓർമ്മിക്കൂ.

**ഗീതം:-** അങ്ങ് സ്നേഹസാഗരനാണ്.....

**ഓം ശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് ദിവസേന മനസ്സിലാക്കി തരുന്നുണ്ട്. കുട്ടികളേ ആത്മാഭിമാനിയായിത്തീരൂ. അല്ലാതെ ബുദ്ധി പുറമെ അലഞ്ഞുകൊണ്ടിരിക്കരുത്. ഒരേയൊരു ബാബയെത്തന്നെ വേണം ഓർമ്മിക്കാൻ. ബാബ തന്നെയാണ് ജ്ഞാനത്തിന്റെ സാഗരനും പ്രേമത്തിന്റെ സാഗരനും. പറയുന്നു ഒരു ജ്ഞാനത്തിന്റെ തുള്ളി തന്നെ മതിയെന്ന്. ബാബ പറയുന്നു മധുമധുരമായ കുട്ടികളേ ആത്മീയ അച്ഛനെ ഓർമ്മിക്കൂ എന്നാൽ ഈ സമ്പത്ത് ലഭിക്കുന്നു. അമരപുരിയായ വൈകുണ്ഡത്തിലേക്ക് പോകും. ബാക്കി ഈ സമയത്ത് എന്തെല്ലാം തന്നെ പാപത്തിന്റെ ഭാരങ്ങളുണ്ടോ അതിനെ ഇല്ലാതാക്കണം. നിയമം അനുസരിച്ച് വിവേകപൂർവ്വമാണ് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നത്. ആരാണോ ഉയർന്നതിലും ഉയർന്നത് അവരാണ് പിന്നീട് താഴെ തപസ്യ ചെയ്യുന്നത്. രാജയോഗത്തിന്റെ പഠിപ്പ് ഒരേയൊരു ബാബയ്ക്കു മാത്രമേ പഠിപ്പിച്ചുതരാൻ സാധിക്കൂ. ഹഠയോഗം തീർത്തും വേറിട്ടതാണ്. അത് പരിധിയുള്ളത്, ഇത് പരിധിയില്ലാത്തത്. അത് നിവൃത്തി മാർഗ്ഗം ഇത് പ്രവൃത്തിമാർഗ്ഗം. ബാബ പറയുന്നു നിങ്ങൾ വിശ്വത്തിന്റെ അധികാരികളായിരുന്നു. യഥാ രാജാറാണി തഥാ പ്രജാ.... പ്രവൃത്തിമാർഗ്ഗത്തിൽ പവിത്രമായ ദേവീദേവതകളായിരുന്നു പിന്നീട് ദേവതകൾ വാമമാർഗ്ഗത്തിലേക്ക് പോയി. അതിന്റെയും ചിത്രമുണ്ട്. വളരെയധികം മോശമായ ചിത്രമാണ് ഉണ്ടാക്കിയിട്ടുള്ളത് അതു കാണാൻ തന്നെ ലജ്ജതോന്നും കാരണം തന്റെ ബുദ്ധിയെത്തന്നെ ഇല്ലാതാക്കുന്ന വിധത്തിലാണ്. ബാബയുടെ തന്നെ മഹിമയാണ് അങ്ങ് സ്നേഹസാഗരനാണ്..... എന്നുള്ളത്. ഇവിടെ സ്നേഹത്തിന്റെ തുള്ളിയല്ല ഇത് ജ്ഞാനത്തിന്റെ കാര്യമാണ്. നിങ്ങൾ ബാബയെ തിരിച്ചറിഞ്ഞ് ബാബയിൽ നിന്നുമുള്ള സമ്പത്ത് നേടാനായി വന്നിരിക്കുകയാണ്. ബാബ സദ്ഗതിയ്ക്കുള്ള ജ്ഞാനമാണ് നൽകുന്നത്. ഇവിടെ നിന്നും നിങ്ങൾക്ക് പുതിയ ലോകത്തിലേക്കാണ് പോകേണ്ടത്. നിങ്ങൾക്ക് അറിയാം നമ്മൾ വൈകുണ്ഡത്തിന്റെ അധികാരിയായിത്തീരുന്നു. ഈ സമയം മുഴുവൻ വിശ്വത്തിലും രാവണരാജ്യമാണ്. ബാബ വന്നിരിക്കുന്നത് വിശ്വത്തിന്റെ രാജ്യഭാഗ്യം നൽകാനാണ്. നിങ്ങൾ എല്ലാവരും വിശ്വത്തിന്റെ അധികാരികളാണ്. ഇപ്പോഴും ആ ചിത്രങ്ങളുണ്ട്. ബാക്കി ലക്ഷക്കണക്കിനു വർഷങ്ങളുടെ കാര്യമൊന്നുമില്ല. ഇത് തെറ്റാണ്. ബാബയെ തന്നെയാണ് സദാ ധാർമ്മികൻ എന്നു പറയുന്നത്. ബാബയിലൂടെ മുഴുവൻ വിശ്വവും ധാർമ്മികപരമായിത്തീരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയിൽ നിന്നും സമ്പത്ത് നേടുകയാണ്. ആരാണോ ജ്ഞാനം കേട്ട് ആശ്ചര്യത്തോടെ അത് പറഞ്ഞും കൊടുത്ത് ഓടിപ്പോകുന്നത് അതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. അഹോ മായ എത്ര ശക്തിശാലിയാണ്. നിങ്ങളെ ബാബയിൽ നിന്നു തന്നെ മുഖം തിരിപ്പിക്കുന്നു. എന്തുകൊണ്ട് ശക്തിശാലിയാവില്ല അരക്കല്പം അവരുടെ രാജ്യമായിരുന്നു. രാവണൻ എന്താണെന്നുള്ളതും നിങ്ങൾക്ക് അറിയാം. ഇവിടെയും ചില കുട്ടികൾ വിവേകശാലികളാണ് ചിലർ വിവേകഹീനരും.

നിങ്ങൾക്ക് അറിയാം ഇപ്പോൾ നിങ്ങൾക്ക് ബൃഹസ്പതി ദശയാണ്. നിങ്ങൾ എല്ലാവരും സ്വർഗ്ഗത്തിലേക്കു പോകാനുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നത്. ആരെല്ലാം മരിക്കുന്നുവോ അവർ സ്വർഗ്ഗത്തിലേക്കു പോകുന്നില്ല. സ്വർഗ്ഗംപൂകി എന്നു മാത്രം പറയുന്നു. നിങ്ങൾക്ക് അറിയാം സത്യമായും സ്വർഗ്ഗത്തിലേക്കു പോകാനുള്ള പുരുഷാർത്ഥം നിങ്ങളാണ് ചെയ്യുന്നതെന്ന്. അഥവാ സ്വർഗ്ഗത്തിന്റെ അധികാരികളായിത്തീരാനുള്ള പുരുഷാർത്ഥം ചെയ്യുന്നു. ഇവർ സ്വർഗ്ഗത്തിലേക്കു പോവുകയാണ് എന്ന് ആരും തന്നെ പറയില്ല, ഇവരെന്താണിങ്ങനെ പറയുന്നത് വായടക്കൂ എന്ന് പറയും. മനുഷ്യർ പരിധിക്കുള്ളിലുള്ള കാര്യങ്ങളാണ്

കേൾപ്പിക്കുന്നത്. ബാബ നിങ്ങളെ പരിധിയില്ലാത്ത കാര്യങ്ങൾ കേൾപ്പിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് വളരെ നല്ല പുരുഷാർത്ഥം ചെയ്യണം. വളരെ നല്ല ലഹരി വർദ്ധിക്കണം. ആരാണോ കല്പം മുമ്പ് പുരുഷാർത്ഥം ചെയ്തത്, ആരാണോ പദവി നേടിയിട്ടുള്ളത് അവർ തന്നെ നേടും. അനേക തവണ നിങ്ങൾ കുട്ടികൾ മായയുടെ മേൽ വിജയം പ്രാപിച്ചിട്ടുണ്ട്. പിന്നീട് നിങ്ങൾക്ക് തോൽവിയും സംഭവിച്ചിട്ടുണ്ട്. ഇതും ഡ്രാമ യിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. അപ്പോൾ കുട്ടികൾക്ക് വളരെയധികം സന്തോഷം വേണം. മൃത്യുലോക ത്തിൽ നിന്നും അമരലോകത്തേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥി ജീവിതമാണ് ഏറ്റവും നല്ല ത്. ഈ സമയം നിങ്ങളുടെ വളരെ നല്ല ജീവിതമാണ്. ഇതിനെ വേറൊരു മനുഷ്യർക്കും തന്നെ അറിയില്ല. ഭഗവാൻ സ്വയം വന്ന് പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതാണ് ഏറ്റവും നല്ല വിദ്യാർത്ഥി ജീവിതം. ആത്മാവു തന്നെയാണ് പഠിപ്പിക്കുന്നത്, എന്നിട്ട് പറയും ഇവരുടെ പേര് ഇതാണെന്ന്. ആത്മാവു തന്നെയാണല്ലോ ടീച്ചർ. ആത്മാവു തന്നെയാണ് കേട്ടതിനുശേഷം പിന്നീട് ധാരണ ചെയ്യുന്നത്. പക്ഷേ ദേഹാഭിമാനം കാരണം ധാരണ ചെയ്യുന്നില്ല. സത്യയുഗത്തിലും ഇത് മനസ്സിലാകും നമ്മൾ ആത്മാക്കൾക്ക് ഈ ശരീരം ലഭിച്ചിരിക്കുകയാണ്, ഇപ്പോൾ വൃദ്ധവസ്ഥയായി കഴിഞ്ഞു. പെട്ടെന്നു തന്നെ സാക്ഷാത്കാരമുണ്ടാവും ഇപ്പോൾ ഈ പഴയ വസ്ത്രത്തെ ഉപേക്ഷിച്ച് പിന്നീട് പുതിയതെടുക്കുന്നു എന്ന്. ഭ്രമരി വണ്ടിന്റെ ഉദാഹ രണവും ഇപ്പോഴത്തെതാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ ബ്രാഹ്മണികളാണ്. ഡ്രാമാപ്ലാൻ അനു സരിച്ച് ആരെല്ലാമാണോ നിങ്ങളുടെ അടുത്തേക്ക് വരുന്നത്, അവർക്ക് ജ്ഞാനം നൽകുന്നു, പിന്നീട് അവ രിലും ആരാണോ പാകപ്പെടാത്തവർ അവർ മരിച്ച് പോകുന്നു. സന്യാസിമാർക്ക് ഈയൊരു ഉദാഹരണം നൽകാൻ സാധിക്കില്ല. അവർക്ക് തനിക്കു സമാനമാക്കിത്തീർക്കാൻ സാധിക്കില്ല. നിങ്ങളുടെ പക്കൽ ലക്ഷ്യമുണ്ട്. ഈ സത്യനാരായണന്റെ കഥയും അമരകഥയുമെല്ലാം തന്നെ നിങ്ങളുടേതാണ്. ഒരേയൊരു ബാബ മാത്രമാണ് നിങ്ങൾക്ക് സത്യം കേൾപ്പിച്ചുതരുന്നത്. ബാക്കി എല്ലാവരും അസത്യമാണ്. അവിടെ സത്യനാരായണന്റെ കഥ കേൾപ്പിച്ച് പ്രസാദം കഴിപ്പിക്കുന്നു. ആ പരിധിക്കുള്ളിലുള്ള കാര്യം എവിടെയിരി ക്കുന്നു, ഇത് പരിധിയില്ലാത്ത കാര്യമാണ്. നിങ്ങൾക്ക് ബാബയാണ് നിർദ്ദേശനം നൽകുന്നത്. ബാക്കി ഏതെല്ലാം തന്നെ ശാസ്ത്രങ്ങളുണ്ടോ എല്ലാം തന്നെ നശിക്കും എന്ന് നിങ്ങൾക്ക് അറിയാം. പഴയതായി ഒന്നും തന്നെ ഇരിക്കില്ല. മനുഷ്യർ മനസ്സിലാക്കുന്നു കലിയുഗത്തിൽ ഇനിയും 40,000 വർഷങ്ങൾ ബാക്കി യുണ്ടെന്ന്. അതുകൊണ്ടാണ് വലിയ വലിയ കെട്ടിടങ്ങളെല്ലാം തന്നെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ചിലവ് ചെയ്തുകൊണ്ടിരിക്കുകയാണ്. എന്താ സമുദ്രം വെറുതെ വിടുമോ? ഒരേയൊരു അലയിലൂടെ എല്ലാം തന്നെ വിഴുങ്ങും. ഈ ബോംബെ ഒന്നും ആദ്യം ഉണ്ടായിട്ടുമില്ല, ഇനി ഇതെല്ലാം തന്നെ നശിക്കുകയും ചെയ്യും. ഇപ്പോൾ ഈ 100 വർഷങ്ങൾക്കുള്ളിൽ എന്തെല്ലാമാണ് കണ്ടുപിടിച്ചിരിക്കുന്നത്? ആദ്യമെല്ലാം വൈസ്റോയി നാലു കുതിരകളുടെ വണ്ടിയിലാണ് വന്നിരുന്നത്. ഇപ്പോൾ കുറച്ച് സമയത്തിനുള്ളിൽ തന്നെ എന്തെല്ലാം സംഭവിച്ചു. സ്വർഗ്ഗം വളരെയധികം ചെറുതാണ്. നദീതീരത്തായിരിക്കും നിങ്ങളുടെ കൊട്ടാരം.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്കു മേൽ ബൃഹസ്പതിയുടെ ദശയാണ്. കുട്ടികൾക്ക് സന്തോഷമുണ്ടായിരി ക്കണം നമ്മൾ വളരെ വലിയ ധനവാനായിത്തീരാൻ പോവുകയാണ്. ആരെങ്കിലും പാപ്പരായാൽ(മുഴുവ നായും നശിക്കുക) പറയും അവർക്ക് രാഹുവിന്റെ ദശയാണെന്ന്. നിങ്ങൾ അവനവന്റെ ദശയിൽ സന്തോ ഷത്തോടെയിരിക്കൂ. ഭഗവാനായ അച്ഛനാണ് നമ്മെ പഠിപ്പിക്കുന്നത്. ഭഗവാൻ ആരെയാണ് പഠിപ്പിക്കു ന്നത്, എന്തു പഠിപ്പിക്കുന്നു? നിങ്ങൾക്ക് അറിയാം നമ്മുടെ ഈ വിദ്യാർത്ഥി ജീവിതമാണ് ഏറ്റവും നല്ലത്. നമ്മൾ നരനിൽ നിന്നും നാരായണനും വിശ്വത്തിന്റെ അധികാരിയുമായിത്തീരുന്നു. ഇവിടെ നമ്മൾ രാവ ണരാജ്യത്തിൽ അകപ്പെട്ടു. പിന്നീട് സുഖധാമത്തിലേക്ക് പോകണം. നിങ്ങൾ സംഗമയുഗീ ബ്രാഹ്മണരാ ണ്. ബ്രഹ്മാവിലൂടെയാണ് സ്ഥാപന ഉണ്ടാകുന്നത്. എന്തായാലും ഒരാളാവില്ലല്ലോ. ധാരാളം പേർ ഉണ്ടാ വും. നിങ്ങൾ ഈശ്വരീയ സേവകരാണ്. സ്വർഗ്ഗം സ്ഥാപിക്കുന്ന സേവനം ചെയ്യുന്ന ഈശ്വരനെ നിങ്ങൾ സഹായിക്കുന്നു. ആരാണോ കൂടുതൽ സഹായിക്കുന്നത് അവർ ഉയർന്ന പദവി നേടുന്നു. ഒരാൾ പോലും വിശന്നു മരിക്കുകയില്ല. ഇവിടെയും നിങ്ങൾ ബാബയുടേതായിത്തീരുന്നു. അച്ഛൻ ദരിദ്രനാണെങ്കിലും, കുട്ടികൾ കഴിക്കാതെ ഒരിക്കലും അച്ഛൻ കഴിക്കില്ല കാരണം അവർ സ്വയം കുട്ടികളുടെ അവകാശിയാ ണ്. അവരോട് അത്രയ്ക്കും സ്നേഹമാണ്. അവിടെ പിന്നെ ദാരിദ്ര്യത്തിന്റെ കാര്യമില്ല. അളവറ്റ ധാന്യങ്ങളു ണ്ടാവും. പരിധിയില്ലാത്ത ധനവാന്മാരായിരിക്കും. അവിടെയുള്ള കൊട്ടാരങ്ങളെല്ലാം തന്നെ വളരെ മനോ ഹരമാണ്. അതുകൊണ്ടാണ് ബാബ പറയുന്നത് സൗകര്യം ലഭിക്കുമ്പോഴെല്ലാം ലക്ഷ്മി-നാരായണന്റെ ചിത്രത്തിനുമുന്നിൽ ഇരിക്കണമെന്ന്. രാത്രിയും ഇരിക്കാൻ സാധിക്കും. ഈ ലക്ഷ്മി-നാരായണനെ കണ്ട് കണ്ട് ഉറങ്ങൂ. ആഹാ ബാബ നമ്മെ ഇതുപോലെയാക്കി മാറ്റുന്നു. നിങ്ങൾ ഇങ്ങനെ അഭ്യസിച്ചു നോക്കു കയാണെങ്കിൽ എത്ര ആനന്ദമുണ്ടാവും. പിന്നീട് അതിരാവിലെ എഴുന്നേറ്റ് അനുഭവം കേൾപ്പിക്കൂ. ലക്ഷ്മി -നാരായണന്റെ ചിത്രവും ഏണിപ്പടിയുടെ ചിത്രവും എല്ലാവരുടെ അടുത്തും ഉണ്ടാവണം. വിദ്യാർത്ഥി

കൾക്ക് അറിയാം നമ്മെ ആര് പഠിപ്പിക്കുന്നു എന്ന്. അവരുടെ ചിത്രവുമുണ്ട്. മുഴുവൻ ആധാരവും പഠിപ്പിനുമേലാണ്. ബാബ പറയുന്നു ഈപുരുഷാർത്ഥം ചെയ്യൂ ഞാൻ ആത്മാവാണ് ശരീരമല്ല എന്ന്. ഞാൻ ബാബയിൽ നിന്നാണ് സമ്പത്ത് എടുക്കുന്നത്. യാതൊരു ബുദ്ധിമുട്ടുമില്ല. മാതാക്കൾക്ക് വളരെ സഹജമാണ്. പുരുഷന്മാർ ജോലിയ്ക്കു പോകും. ഈ ലക്ഷ്യത്തിന്റെ ചിത്രത്തിനുമേൽ നിങ്ങൾക്ക് വളരെയധികം സേവനം ചെയ്യാൻ സാധിക്കും. വളരെയധികം പേരുടെ നന്മ ചെയ്യുകയാണെങ്കിൽ നിങ്ങളെ എല്ലാവരും സ്നേഹിക്കും. പറയും നിങ്ങൾ ഞങ്ങളുടെ അമ്മയാണ്. വിശ്വത്തിന്റെ നന്മയ്ക്കുവേണ്ടി നിമിത്തമാണ് നിങ്ങൾ മാതാക്കൾ. സ്വയത്തിലേക്ക് നോക്കണം ഞങ്ങൾ എത്ര പേരുടെ നന്മചെയ്തു എന്ന്? എത്ര പേർക്ക് ബാബയുടെ സന്ദേശം നൽകി എന്ന്. ബാബയും സന്ദേശ വാഹകനാണ് മറ്റാരെയും തന്നെ സന്ദേശവാഹകരെന്ന് പറയില്ല. ബാബ നിങ്ങൾക്ക് നൽകുന്ന സന്ദേശത്തെ നിങ്ങൾ എല്ലാവർക്കും കേൾപ്പിച്ചുകൊടുക്കുന്നു. പരിധിയില്ലാത്ത അച്ഛനേയും സമ്പത്തിനെയും ഓർമ്മിക്കൂ, ചക്രത്തേയും ഓർമ്മിക്കണം. നിങ്ങൾ സന്ദേശവാഹകനായ ബാബയുടെ കുട്ടികൾ നിങ്ങളും സന്ദേശവാഹകരാണ്. എല്ലാവരോടും രണ്ടച്ഛന്മാരെക്കുറിച്ച് പറയൂ. പരിധിയില്ലാത്ത അച്ഛൻ സുഖശാന്തിയുടെ സമ്പത്ത് നൽകിയിട്ടുണ്ട്. നമ്മൾ സുഖധാമത്തിലായിരിക്കുമ്പോൾ ബാക്കിയെല്ലാവരും ശാന്തിധാമത്തിലായിരിക്കും. പിന്നീട് ജീവന്മുക്തിയിലേക്ക് വരുന്നു. ഇപ്പോൾ നമുക്ക് തിരിച്ച് വീട്ടിലേക്ക് പോകണം പിന്നീട് അവിടെ നമ്മൾ തന്നെയാണ് വിശ്വത്തിന്റെ അധികാരികൾ. ഒരു ഗീതവുമുണ്ട് ബാബാ അങ്ങിൽ നിന്നും ഞങ്ങൾക്ക് മുഴുവനും വിശ്വത്തിന്റെ ചക്രവർത്തി പദവി ലഭിക്കുമെന്ന്. മുഴുവനും ഭൂമിയും ആകാശവും സമുദ്രവുമെല്ലാം തന്നെ നമ്മുടെ കൈകളിലാവും. ഈ സമയം നമ്മൾ ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് നേടിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ ഗുപ്ത സൈനികരാണ് ശിവശക്തി സൈന്യമാണ്. ഇത് ജ്ഞാനമാകുന്ന ആയുധമാണ്, ജ്ഞാന ബാണമാണ്. അവർ ദേവിമാർക്ക് സ്ഥൂലമായ ആയുധങ്ങൾ നൽകി. ഭക്തിമാർഗ്ഗത്തിൽ എത്ര ക്ഷേത്രങ്ങളാണ് ഉണ്ടാക്കിയത്. എത്ര ചിത്രങ്ങളാണ്, അപ്പോഴാണ് ബാബ പറയുന്നത് ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ എല്ലാ പൈസയും ഇതിലൂടെ നഷ്ടപ്പെടുത്തി. ഇപ്പോൾ ഇതെല്ലാം തന്നെ നശിക്കാൻ പോവുകയാണ്, മുങ്ങിത്താഴാൻ പോവുകയാണ്. നിങ്ങൾക്ക് സാക്ഷാത്കാരവും ചെയ്യിച്ചിരുന്നു, അവിടെ എങ്ങനെയാണ് ഖനികളിൽപോയി വജ്രങ്ങളും വൈഢൂര്യങ്ങളും എടുക്കുന്നത്, കാരണം അതെല്ലാം തന്നെ അടിയിലേക്ക് പോയിട്ടുണ്ടാവുമല്ലോ. വലിയ വലിയ രാജാക്കന്മാരുടെ അടുത്ത് ഭൂമിയ്ക്കടിയിലുള്ള അറകൾ ഉണ്ടാവുമല്ലോ. അതെല്ലാം തന്നെ അടിയിലേക്കുതന്നെ പോയിട്ടുണ്ടാവും പിന്നീട് നിങ്ങളുടെ ജോലിക്കാർ പോയി എടുത്തുകൊണ്ടുവരുന്നു. ഇല്ലെങ്കിൽ ഇത്രയ്ക്കും സ്വർണ്ണം എവിടെ നിന്നു വരുന്നു. സ്വർഗ്ഗത്തിന്റെ ദൃശ്യം അജ്മീറിൽ കാണുന്നുണ്ടല്ലോ. ബാബ പറഞ്ഞിരുന്നു മ്യൂസിയവും ഇങ്ങനെത്തന്നെ ഉണ്ടാക്കണം. സ്വർഗ്ഗത്തിന്റെ ഫസ്റ്റ്ക്ലാസ്സ് മാതൃക ഉണ്ടാക്കണം. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇപ്പോൾ നമ്മൾ തന്റെ രാജധാനി സ്ഥാപിക്കുകയാണെന്ന്. ഇതിനു മുമ്പ് ഒന്നും തന്നെ അറിഞ്ഞിരുന്നില്ല ഇപ്പോൾ എല്ലാം തന്നെ അറിയാം. നമുക്ക് ഓരോരുത്തരുടെയും ഉള്ളിനെ അറിയണമെന്നില്ല. ചില ചില വികാരികളും ഇങ്ങോട്ടു വരും. എന്തുകൊണ്ടാണ് വന്നത് എന്ന് ചോദിച്ചാൽ പറയും വന്നാലല്ലേ വികാരങ്ങളിൽ നിന്നും മുക്തമാകൂ എന്ന്. ഞാൻ വളരെ പാപാത്മാവാണ്. ബാബ പറയും ശരി അവരുടെ നന്മ ഉണ്ടാകട്ടെ. മായ വളരെ വലിയ ശത്രുവാണ്. ബാബ പറയുന്നു കുട്ടികളേ നിങ്ങൾക്ക് ഈ ദുർവികാരങ്ങൾക്കുമേൽ വിജയിക്കണം. എന്നാൽ മാത്രമേ ജഗദ്ജീത്തായിത്തീരൂ. മായയും ഒട്ടും കുറവല്ല. ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്ത് ഈ ലക്ഷ്മി-നാരായണനെപ്പോലെയായിത്തീരണം. ഇവരെപ്പോലുള്ള സൗന്ദര്യം മറ്റാർക്കും തന്നെയില്ല. ഇതാണ് പ്രകൃതിപരമായ സൗന്ദര്യം. ഓരോ 5000 വർഷം കൂടുന്തോറും സ്വർഗ്ഗത്തിന്റെ സ്ഥാപനയുണ്ടാവുന്നു. പിന്നീട് 84 ജന്മങ്ങളുടെ ചക്രത്തിലേക്ക് വരുന്നു. നിങ്ങൾക്ക് എഴുതാൻ സാധിക്കുന്നു ഇത് സർവ്വകലാശാലയും ആശുപത്രിയുമാണ്. ആരോഗ്യത്തിനും സമ്പത്തിനും വേണ്ടിയാണ്. ആരോഗ്യം സമ്പത്ത് സന്തോഷം - 21 ജന്മത്തേക്കു വന്ന് പ്രാപ്തമാക്കൂ. എന്തെങ്കിലും ജോലിയുള്ളവർ തന്റെ ബോർഡ് വെക്കാറുണ്ട്, വീടുകളിലും ബോർഡ് വെക്കുന്നു. ആരാണോ ലഹരിയിലിരിക്കുന്നവർ അവരാണ് ഇങ്ങനെയെല്ലാം തന്നെ ചെയ്യുക. ആരെല്ലാമാണോ വന്നിരിക്കുന്നത് അവർക്ക് മനസ്സിലാക്കി കൊടുക്കൂ - നിങ്ങൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും സമ്പത്ത് നേടിയിരുന്നു, പിന്നീട് 84 ജന്മങ്ങൾ എടുത്ത് നിങ്ങൾ പതിതമായിരിക്കുകയാണ്. ഇപ്പോൾ പാവനമായിത്തീരൂ. സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ബ്രഹ്മാബാബയും അതുപോലെയാണ് ചെയ്യുന്നത്. ഇവരാണ് ആദ്യത്തെ നമ്പറിലെ പുരുഷാർത്ഥി. പല കുട്ടികളും എഴുതാറുണ്ട് - ബാബാ കൊടുങ്കാറ്റ് വരുന്നു. ഇത് സംഭവിക്കുന്നു.... ആദ്യം ഈ ബാബയുടെ മുന്നിലാണ് എല്ലാ കൊടുങ്കാറ്റും വരുക. ഞാൻ ആദ്യം അനുഭവിയായാലല്ലേ സ്വയം മനസ്സിലാക്കി തരുവാൻ സാധിക്കൂ. ഇത് മായയുടെ ജോലിയാണ്.

ഇപ്പോൾ ബാബ പറയുന്നു, മധുരമായ ഓമന സന്താനങ്ങളേ, ഇപ്പോൾ നിങ്ങൾക്ക് ബൃഹസ്പതിയുടെ ദശയാണ്. നിങ്ങൾക്ക് തന്റെ ജാതകത്തെ ആർക്കും തന്നെ കാണിച്ചുകൊടുക്കേണ്ട ആവശ്യമില്ല. ബാബ

സർവ്വതും പറയുന്നുണ്ട്. അവിടെ ആയുസ്സും വലുതാണ്. കൃഷ്ണനെയും യോഗേശ്വരൻ എന്നു പറയാറുണ്ട്. ഇവരെ യോഗേശ്വരൻ യോഗം പഠിപ്പിച്ചു ഇതുപോലെയായിത്തീർന്നു. ഏതൊരു മനുഷ്യരെയോ സന്യാസിമാരെയോ യോഗേശ്വരൻ എന്നു പറയില്ല. നിങ്ങൾക്ക് ഈശ്വരനാണ് യോഗം പഠിപ്പിക്കുന്നത്. അതുകൊണ്ടാണ് യോഗേശ്വരൻ യോഗേശ്വരി എന്ന പേര് വെക്കുന്നത്. ഈ സമയം നിങ്ങൾ തന്നെയാണ് ജ്ഞാനേശ്വരനും ജ്ഞാനേശ്വരിയും. പിന്നീട് രാജേശ്വരനും രാജേശ്വരിയുമായിമാറുന്നതും നിങ്ങൾ തന്നെയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് പുരുഷാർത്ഥം ചെയ്യൂ. ലക്ഷ്മി-നാരായണന്റെ ചിത്രത്തെ മുന്നിൽ കണ്ടുകൊണ്ട് സ്വയം സ്വയത്തോട് സംസാരിക്കൂ, ആഹാ ബാബാ ഞങ്ങളെ അങ്ങ് ഇതുപോലെയാക്കിയാണ് മാറ്റുന്നത്. ഞങ്ങൾക്ക് ഇപ്പോൾ ബൃഹസ്പതിയുടെ ദശയാണ്.

2) തനിക്കുസമാനമാക്കി മാറ്റുന്നതിനായി ഭ്രമരിയെപ്പോലെ ജ്ഞാനത്തിന്റെ ഭൂം ഭൂം മുഴക്കണം. ഈശ്വരീയ സേവകരായിത്തീർന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപനയുടെ കാര്യത്തിൽ ബാബയെ സഹായിക്കണം.

## വരദാനം:- ദേഹ-ബോധത്തിൽ നിന്ന് വേറിട്ടവരായി പരമാത്മാ സ്നേഹത്തിന്റെ അനുഭവം ചെയ്യുന്ന കമലാസനധാരിയായി ഭവിക്കൂ

കമലാസനം ബ്രാഹ്മണ ആത്മാക്കളുടെ ശ്രേഷ്ഠ സ്ഥിതിയുടെ അടയാളമാണ്. ഇങ്ങനെയുള്ള കമലാസനധാരി ആത്മാക്കൾ ഈ ദേഹബോധത്തിൽ നിന്ന് സ്വതവേ വേറിട്ടിരിക്കും. അവരെ ശരീരത്തിന്റെ ബോധം തന്നിലേക്ക് ആകർഷിക്കുകയില്ല. ഏതുപോലെയാണോ ബ്രഹ്മാബാബയ്ക്ക് നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ഫരിസ്താ രൂപം അല്ലെങ്കിൽ ദേവതാ രൂപം സദാ സ്മൃതിയിലുണ്ടായിരുന്നത്. ഇതുപോലെ സ്വാഭാവികമായും ദേഹീ-അഭിമാനി സ്ഥിതി സദാ ഉണ്ടായിരിക്കണം ഇതിനെയാണ് പറയുന്നത് ദേഹ-ബോധത്തിൽ നിന്ന് വേറിട്ടത്. ഇങ്ങനെ ദേഹ-ബോധത്തിൽ നിന്ന് വേറിട്ടവർ തന്നെയാണ് പരമാത്മാ സ്നേഹികളായി മാറുന്നത്.

## സ്ലോഗൻ:- താങ്കളുടെ വിശേഷതകൾ അല്ലെങ്കിൽ ഗുണം പ്രഭു പ്രസാദമാണ്, അവയെ എന്റേതെന്നു കരുതുന്നത് തന്നെ ദേഹ-അഭിമാനമാണ്.

**അവ്യക്ത സൈലൻസിലൂടെ ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ**

ബ്രഹ്മാ ബാബയോട് സ്നേഹമുണ്ടെങ്കിൽ ഇപ്പോൾ ബ്രഹ്മാ ബാബയ്ക്കു സമാനം ഫരിസ്തയാകൂ. സദാ തന്റെ പ്രകാശത്തിന്റെ ഫരിസ്താ സ്വരൂപം മുന്നിൽ കാണപ്പെടണം അതായത് ഇങ്ങനെയാകണം, ഭാവി രൂപവും കാണപ്പെടണം, ഇപ്പോൾ ഇതുപേക്ഷിച്ച് അതെടുത്തു. എപ്പോൾ ഇങ്ങനെയുള്ള അനുഭൂതി ഉണ്ടാകുന്നോ അപ്പോൾ മനസ്സിലാക്കൂ സമ്പൂർണ്ണതയ്ക്ക് സമീപത്താണ്.